**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5457** **24-03-2025 - ൽ മറുപടിയ്ക്ക്**

**ക്ലാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ ബൈ ട്രാൻസ്ഫർ പ്രമോഷന്റെ നിരീക്ഷണകാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ലാസ്റ്റ് ഗ്രേഡ് സർവീസിൽ ഉള്ള (സബോർഡിനേറ്റ് സർവീസിലെ താഴ്ന്ന ശമ്പള സ്കെയിലിൽ ഉള്ള ജീവനക്കാർ ഉൾപ്പെടെയുള്ള) ജീവനക്കാർക്ക് ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് ആയി ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പിൽ നിന്നുമുള്ള 03-01-2014-ലെ സ.ഉ.(പി) നം.1/2014/ഉ.ഭ.പ.വ എന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബൈ ട്രാൻസ്ഫർ പ്രമോഷനുകൾ അനുവദിക്കുമ്പോൾ പുതിയ തസ്തികയിലെ അവരുടെ നിരീക്ഷണകാലം ഒരു വർഷമാണോ രണ്ട് വർഷമാണോ എന്ന് വ്യക്തമാക്കാമോ; | (എ) | ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്കുള്ള ബൈ-ട്രാൻസ്ഫർ നിയമനത്തിലെ നിരീക്ഷണകാലം തുടർച്ചയായ മൂന്ന് വർഷ കാലയളവിനുള്ളിൽ രണ്ട് വർഷമായിരിക്കും. |
| (ബി) | മേൽപ്പറഞ്ഞ പ്രകാരം ബൈ ട്രാൻസ്ഫർ പ്രമോഷനുകൾ ലഭിച്ച ജീവനക്കാരുടെ കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പിൽ നിന്നുമുള്ള 27-12-2018-ലെ സ.ഉ.(അച്ചടി) നമ്പർ 17/2018/ഉ.ഭ.പ.വ എന്ന സർക്കാർ ഉത്തരവിലെ ഖണ്ഡിക 4 (v) പ്രകാരം നിരീക്ഷണകാലം ഒരു വർഷമായി നിജപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ; ഇല്ലെങ്കിൽ മേൽപ്പറഞ്ഞ വിഭാഗം ജീവനക്കാരുടെ നിരീക്ഷണകാലം എപ്രകാരമാണെന്ന് വിശദീകരിക്കാമോ; | (ബി) | ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്കുള്ള ബൈ-ട്രാൻസ്ഫർ നിയമനത്തിലെ നിരീക്ഷണകാലം തുടർച്ചയായ മൂന്ന് വർഷ കാലയളവിനുള്ളിൽ രണ്ട് വർഷമായിരിക്കും. |
| (സി) | ലാസ്റ്റ് ഗ്രേഡ് സർവീസിൽ ഉള്ള (സബോർഡിനേറ്റ് സർവീസിലെ താഴ്ന്ന ശമ്പള സ്കെയിലിൽ ഉള്ള ജീവനക്കാർ ഉൾപ്പെടെയുള്ള) ജീവനക്കാർക്ക് ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് ആയി ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പിൽ നിന്നുമുള്ള 03-01-2014-ലെ സ.ഉ. (പി) നം.1/2014/ ഉ.ഭ.പ.വ എന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാതൃവകുപ്പിൽ തന്നെ സ്ഥാനക്കയറ്റം നൽകുമ്പോൾ ആയത് പ്രമോഷൻ ആണോ ബൈ ട്രാൻസ്ഫർ പ്രമോഷൻ ആണോ എന്ന് വ്യക്തമാക്കാമോ? | (സി) | ബൈ ട്രാൻസ്ഫർ നിയമനമാണ്. |

സെക്ഷൻ ഓഫീസർ